**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം**

**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം.**

**(ഹാജർ: മീന.റ്റി.ഡി ,ഡയറക്ടർ(i/c) )**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - ഗ്രേഡ് I സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിൽ നിന്നും സീനിയർ ഗ്രേഡ് സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ഉത്തരവാകുന്നു.

പരാമർശം :- 1) സർക്കാർ ഉത്തരവ് (ആർ.റ്റി) 2000/1989/എഡി. തീയതി 05/12/1989

2) സർക്കാർ ഉത്തരവ് (പി) 515/2007/ഫിൻ തീയതി 19/10/2007

3) സർക്കാർ ഉത്തരവ് (എം.എസ്) 175/2008/പിഡി തീയതി 18/10/2008.

4) സർക്കാർ ഉത്തരവ് (പി) 42/2013/പിആർഡി, തീയതി 22/12/2010.

5) സർക്കാർ കത്ത് നമ്പർ AGRI - EA 1 /177 / 2024 - AGRI തീയതി16/ 10/ 2024

**ഉത്തരവ് നമ്പർ ADFW/ 3123/2024 - SH2 തീയതി . 31-01-2025**

സീനിയർ ഗ്രേഡ് സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് സ്ഥാനകയറ്റത്തിന് യോഗ്യരായ ഉദ്യോഗസ്ഥരുടെ 2024 വർഷത്തെ സെലക്ട് ലിസ്റ്റ് പരാമർശം (5) പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട് .

വകുപ്പിൽ സീനിയർ ഗ്രേഡ് സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിൽ 2 ഒഴിവുകൾ നിലവിലുണ്ട് . സയന്റിഫിക് അസിസ്റ്റന്റ് ഗ്രേഡ് II , സയന്റിഫിക് അസിസ്റ്റന്റ് ഗ്രേഡ് I , സീനിയർ ഗ്രേഡ് സയന്റിഫിക് അസിസ്റ്റന്റ് എന്നീ തസ്തികകളിൽ ജോലിയുടെ സ്വഭാവത്തിൽ മാറ്റമില്ലെന്നും , ആയതിനാൽ ടി തസ്തികകൾ ഇന്റർചേഞ്ചബിൾ ആണെന്നും പരാമർശം (1) സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട് . കൂടാതെ ജോലിയുടെ സ്വഭാവത്തിൽ മാറ്റമില്ലാത്ത ഉദ്യോഗക്കയറ്റങ്ങൾക്ക് ഒഴിവ് നിലവിൽ വന്ന തീയതി പ്രാബല്യത്തിൽ ഉദ്യോഗക്കയറ്റം നൽകാവുന്നതാണെന്നും പരാമർശം (2) പ്രകാരം ഉത്തരവായിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ , സീനിയർ ഗ്രേഡ് സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റത്തിനായി രൂപീകരിച്ച 2024 വർഷത്തെ സെലക്ട് ലിസ്റ്റിൽ ഉൾപ്പെട്ട ചുവടെ പരാമർശിച്ചിട്ടുള്ള യോഗ്യരായ ജീവനക്കാർക്ക് KS& SSR ചട്ടം 28 (b) (i) പ്രകാരം സയന്റിഫിക് അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിൽ നിന്നും സീനിയർ ഗ്രേഡ് സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ₹ (50200-105300) ശമ്പള നിരക്കിൽ നിലവിൽ ജോലി ചെയ്യുന്ന ഓഫീസുകളിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു .

| ക്രമ നമ്പർ | സെലക്ട് ലിസ്റ്റിലെ ക്രമ നമ്പർ | പേര് , തസ്തിക , ഓഫീസ് . | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക ഓഫീസ്. | ഉദ്യോഗക്കയറ്റം നൽകിയ പ്രാബല്യത്തീയതി. |
|---|---|---|---|---|
| 1. | 1. | ശ്രീമതി ശശികല പി എസ്<br>സയന്റിഫിക് അസിസ്റ്റന്റ് ഗ്രേഡ് I.<br>മൊബൈൽ മണ്ണ് പരിശോധനാ ലാബ്<br>ആലപ്പുഴ. | സീനിയർ ഗ്രേഡ് സയന്റിഫിക് അസിസ്റ്റന്റ്<br>മൊബൈൽ മണ്ണ് പരിശോധനാ ലാബ്<br>ആലപ്പുഴ. | 01/05/2024<br>(ശ്രീ രവികുമാർ കെ വി 30/ 04/ 2024 -ന് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ഉത്ഭവിച്ച ഒഴിവ് .) |
| 2. | 2. | ശ്രീമതി കെ എ നബീസ<br>സയന്റിഫിക് അസിസ്റ്റന്റ് ഗ്രേഡ് I<br>ജില്ലാ മണ്ണ് പരിശോധനാ ലാബ്<br>മാനന്തവാടി<br>വയനാട്. | സീനിയർ ഗ്രേഡ് സയന്റിഫിക് അസിസ്റ്റന്റ്<br>ജില്ലാ മണ്ണ് പരിശോധനാ ലാബ്<br>മാനന്തവാടി<br>വയനാട്. | 01/06/2024<br>(ശ്രീ ടോമി വി വി 31/ 05/ 2024 -ന് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ഉത്ഭവിച്ച ഒഴിവ്.) |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർ പരാമർശം (4) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി തുടർച്ചയായ ഒരു വർഷത്തിനുള്ളിൽ 6 മാസത്തെ പരിവീക്ഷക്കാലം പൂർത്തിയാക്കേണ്ടതും ടി കാലയളവിനുള്ളിൽ എക്സിക്യൂട്ടീവ് ഓഫീസർമാർക്കുള്ള വകുപ്പ് തല പരീക്ഷ / അക്കൗണ്ട് ടെസ്റ്റ് (ലോവർ ) വിജയിക്കേണ്ടതാണ് .

ടി ജീവനക്കാർ സയന്റിഫിക് അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയിൽ നിന്നും വിടുതൽ ചെയ്യുതും സീനിയർ ഗ്രേഡ് സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ചതു കൃഷി ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതും RTC യഥാ സമയം അക്കൗണ്ടന്റ് ജനറലിനും ഈ കാര്യാലയത്തിലും ലഭ്യമാക്കേണ്ടതുമാണ് .സേവന പുസ്തകം , എന്റൈറ്റിൽമെന്റ് രജിസ്റ്റർ എന്നിവയിൽ രേഖപ്പെടുത്തലുകൾ വരുത്തി അക്കൗണ്ടന്റ് ജനറലിന് നേരിട്ട് അയയ്ക്കേണ്ടതുമാണ് .

sd/-

MEENA T D

ADDITIONAL DIRECTOR OF AGRICULTURE(CP)

സ്വീകർത്താവ് ,

ബന്ധപ്പെട്ട ജീവനക്കാർക്ക് (മേലധികാരി മുഖേന )

SENIOR ADMINISTRATIVE OFFICER (i/c)
Directorate of Agriculture
Vikas Bhavan, Thiruvananthapuram-33

<u>പകർപ്പ്</u>

1 . അക്കൗണ്ടന്റ് ജനറൽ (ആമുഖക്കത്ത് സഹിതം )

2 . പ്രിൻസിപ്പൽ കൃഷി ഓഫീസർ

ആലപ്പുഴ.

3 .പ്രിൻസിപ്പൽ കൃഷി ഓഫീസർ

വയനാട് .

4 . ഐ ടി സെൽ (വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന് )

5 . കരുതൽ ഫയൽ .